III.ഇ.ബി./XII-കേരള നിയമസഭ/II-8

# പന്ത്രണ്ടാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

## നിയമസഭാ നടപടികളുടെ ചുരുക്കം

**2006 ഒക്ടോബർ 3, ചൊവ്വ**

നിയമസഭ രാവിലെ 8.30–ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

I. ചോദ്യങ്ങൾ

വാങ്മൂലം മറുപടി നൽകാൻ നിശ്ചയിച്ചിരുന്ന ചോദ്യങ്ങളിൽ രണ്ടെണ്ണം (* 271 & *272 ) സഭയിൽ ഉന്നയിക്കുകയും അവയ്ക്ക് ബന്ധപ്പെട്ട മന്ത്രിമാർ മറുപടി നൽകുകയും ചെയ്തു.

II. ശ്രദ്ധ ക്ഷണിക്കൽ

(1) കേരളത്തിന് അനുവദിച്ചിട്ടുള്ള ബി.എസ്.എഫ്. യൂണിറ്റ് നൂറനാട് ലെപ്രസി സാനിട്ടോറിയത്തിന്റെ ഉപയോഗമില്ലാതെ കിടക്കുന്ന സ്ഥലത്ത് സ്ഥാപിക്കുന്നതിനുവേണ്ട നടപടി സ്വീകരിണ്ടേതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ.കെ.കെ.ഷാജു മുഖ്യമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുകയും മുഖ്യമന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

(2) കേരളത്തിന്റെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന

തടസ്സങ്ങൾ നീക്കേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ശ്രീ.വി. ശിവൻകുട്ടി തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയും മന്ത്രി അതിന് മറുപടി നൽകുകയും ചെയ്തു.

III. സബ്മിഷൻ

(1) ചിക്കുൻഗുനിയ പനി വ്യാപകമാകുന്നത് തടയാൻ, ജനപങ്കാളിത്തത്തോടെ പരിപാടികൾ ആവിഷ്ക്കരിക്കേണ്ടത് സംബന്ധിച്ച് പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടി ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(2) പാക്കിസ്ഥാനി ബാൻഡ് സ്ട്രിംഗിന് കേരളത്തിൽ പരിപാടി അവതരിപ്പിക്കുന്നതിന് കേന്ദ്ര ആഭ്യന്തരമന്ത്രാലയം അനുമതി നിഷേധിച്ചത് സംബന്ധിച്ച് ശ്രീ.എം.പ്രകാശൻ മാസ്റ്റർ ഉന്നയിച്ച സബ്മിഷന് മുഖ്യമന്ത്രി മറുപടി നൽകി.

(3) നിലമ്പൂർ, ചുങ്കത്തറ നിവാസിയായിരുന്ന നീതു സൂസൻ റോയിയുടെ ആത്മഹത്യ സംബന്ധിച്ച് ശ്രീ. ആര്യാടൻ മുഹമ്മദ് ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(4) കായംകുളത്ത് ചുഴലിക്കാറ്റിൽ സ്ക്കൂൾ കെട്ടിടം തകർന്നുവീണത് സംബന്ധിച്ച് ശ്രീ.സി.കെ. സദാശിവൻ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(5) പൊതുസ്ഥലങ്ങളിലും റോഡ്സൈഡുകളിലും മാലിന്യങ്ങൾ നിക്ഷേപിക്കുന്നതുമൂലമുണ്ടാകുന്ന ബുദ്ധിമുട്ടുകൾ സംബ

ന്ധിച്ച് ശ്രീ.എ.എ.അസീസ് ഉന്നയിച്ച സബ്മിഷന് തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി മറുപടി നൽകി.

(6) കോന്നി നിയോജകമണ്ഡലത്തിലെ കലഞ്ഞൂർ പഞ്ചായത്തിൽ ദ്രുതകർമ്മസേനയുടെ ഓഫീസും ട്രെയിനിംഗ് സെന്ററും നിലനിർത്തേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് ശ്രീ. അടൂർ പ്രകാശ് ഉന്നയിച്ച സബ്മിഷന് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി മറുപടി നൽകി.

(7) കൊല്ലം ജില്ലയിലെ തൃക്കോവിൽവട്ടം ഗ്രാമപഞ്ചായത്തിലെ ഉപതെരഞ്ഞെടുപ്പിനെത്തുടർന്ന് നടന്ന അക്രമം സംബന്ധിച്ച് ശ്രീ.എം. മുരളി ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(8) ലക്ഷംവീട് കോളനികളിൽ താമസിക്കുന്നവർക്ക് കൈവശരേഖകൾ ലഭ്യമാക്കുന്നത് സംബന്ധിച്ച് ശ്രീ.വി. ശശികുമാർ ഉന്നയിച്ച സബ്മിഷന് റവന്യൂ വകുപ്പുമന്ത്രി മറുപടി നൽകി.

(9) മുല്ലപ്പെരിയാർ ഡാം പരിസരത്ത് തമിഴ്നാട് പൊതുമരാമത്ത് വകുപ്പിന്റെ മുൻകൂർ അനുവാദമില്ലാതെ സന്ദർശകരെ നിരോധിച്ചുകൊണ്ടുള്ള ബോർഡ് സ്ഥാപിച്ചതു സംബന്ധിച്ച് ശ്രീ.കെ.സി. വേണുഗോപാൽ ഉന്നയിച്ച സബ്മിഷന് ജലവിഭവ വകുപ്പുമന്ത്രി മറുപടി നൽകി.

(10) കോഴിക്കോട് ജില്ലയിലെ പെരുവഴിക്കടവ് പഞ്ചായത്തിലെ യു.പി.സ്ക്കൂളിൽ എം.എൽ.എ. യുടെ പ്രാദേശിക വികസന

ഫണ്ട് ഉപയോഗിച്ച് പുതുതായി സ്ഥാപിച്ച കമ്പ്യൂട്ടർ സെന്റർ ഉദ്ഘാടനത്തിനെത്തിയ ശ്രീ.യു.സി. രാമൻ എം.എൽ.എ.-യെ ഡി.വൈ.എഫ്.ഐ. പ്രവർത്തകർ അന്യായമായി തടഞ്ഞുവച്ചതിനെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ.യു.സി. രാമൻ ഉന്നയിച്ച സബ്മിഷന് ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി മറുപടി നൽകി.

(സർവ്വശ്രീ കെ.എം.മാണി, സി.ടി.അഹമ്മദ് അലി എന്നീ അംഗങ്ങളും സാമാജികനെന്ന നിലയിൽ ശ്രീ.യു.സി. രാമനെതിരെ ഡി.വൈ.എഫ്.ഐ. പ്രവർത്തകർ നടത്തിയ ആക്രമണത്തെ അപലപിക്കുകയും ഗവൺമെന്റ് ഈ പ്രശ്നത്തെ ലാഘവബുദ്ധിയോടെയാണ് കാണുന്നതെന്നും നിയോജകമണ്ഡലങ്ങളിൽ സാമാജികരുടെ വികസന ഫണ്ടുപയോഗിച്ച് നടത്തുന്ന വികസനപ്രവർത്തനങ്ങൾക്ക് അനുവദിക്കുന്ന തുക ഉപയോഗിച്ച് അത്യാവശ്യം വേണ്ട വർക്കുകൾ നടത്തിക്കാനുള്ള എം.എൽ.എ. മാരുടെ സ്വാതന്ത്ര്യത്തെ ഹനിക്കുന്ന ഇത്തരം നടപടികൾ ഭാവിയിൽ ആവർത്തിക്കാതിരിക്കുന്നതിനായി ബഹുമാനപ്പെട്ട സ്പീക്കർ മുൻകൈയെടുക്കണമെന്നും ആവശ്യപ്പെട്ടു. ഗവൺമെന്റ് ഈ പ്രശ്നത്തെ ഗൗരവത്തോടെയാണ് കാണുന്നതെന്നും ഇതേക്കുറിച്ച് പരിശോധിച്ച് വേണ്ട നടപടികൾ കൈക്കൊള്ളുന്നതാണെന്നും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സഭയെ അറിയിച്ചു. സാമാജികരുടെ

സ്വാതന്ത്ര്യത്തെ ഹനിക്കുന്ന നടപടികൾ സ്വീകരിക്കാൻ ആരേയും അനുവദിക്കില്ലെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഗവൺമെന്റ് ശ്രദ്ധിക്കേണ്ട താണെന്നും ബഹുമാനപ്പെട്ട സ്പീക്കറും അഭിപ്രായപ്പെട്ടു.)

IV. ധനകാര്യം:

**2006-2007 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും**

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ 2277,25,28,000 രൂപ 2006-2007 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി അവതരിപ്പിക്കുകയും ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി പ്രമേയത്തെ പിന്താങ്ങുകയും ചെയ്തു.

XVII-ാം നമ്പർ ധനാഭ്യർത്ഥനയിന്മേലുള്ള സബ്ജക്ട് കമ്മിറ്റി ശുപാർശകൾ സംബന്ധിച്ച പ്രസ്താവന ധനകാര്യ വകുപ്പുമന്ത്രി മേശപ്പുറത്ത് വച്ചു.

സർവ്വശ്രീ കെ. ബാബു, എം. മുരളി, കെ.സി.ജോസഫ്, പി.സി. വിഷ്ണുനാഥ്, വി.ഡി. സതീശൻ, അബ്ദുറഹിമാൻ രണ്ടത്താണി, പി.കെ. അബ്ദുറബ്ബ്, സി.ടി. അഹമ്മദ് അലി, കെ.കെ. ഷാജു, എം. ഉമ്മർ, കെ. മുഹമ്മദുണ്ണി ഹാജി, തോമസ് ചാഴികാടൻ, അടൂർ പ്രകാശ് എന്നീ അംഗങ്ങൾ ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിച്ചു.

ധനാഭ്യർത്ഥന ചർച്ചയിൽ താഴെപ്പറയുന്ന അംഗങ്ങൾ പങ്കെടുത്തു:

(1) ശ്രീ. പി.സി. വിഷ്ണുനാഥ്

(2) പ്രൊഫ. സി. രവീന്ദ്രനാഥ്

(3) ശ്രീ. ടി.. ജലീൽ

(4) ശ്രീ. എം. ഉമ്മർ

(5) ശ്രീ. രാജാജി മാത്യൂ തോമസ്

(6) ശ്രീ. കെ.എം. മാണി

(7) ശ്രീ. കോവൂർ കുഞ്ഞുമോൻ

(8) ശ്രീ. മോൻസ് ജോസഫ്

(9) ശ്രീ. തോമസ് ചാണ്ടി

(10) ശ്രീ. എ.കെ. ശശീന്ദ്രൻ

(11) ശ്രീ. പി. വിശ്വൻ

(12) ശ്രീ. കെ.സി. വേണുഗോപാൽ

(13) ശ്രീ. എ. പ്രദീപ്കുമാർ

(14) ശ്രീ. വി.എസ്. സുനിൽകുമാർ

(15) ശ്രീ. എ.എം. ആരിഫ്

(16) ശ്രീ. കെ.സി. ജോസഫ്

ധനാഭ്യർത്ഥന ചർച്ചയ്ക്ക് നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രിയും വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രിയും മറുപടി പറഞ്ഞു.

വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിനിടയിൽ പ്രതിപക്ഷാംഗങ്ങളുന്നയിച്ച ചോദ്യങ്ങൾക്ക് മറുപടി നൽകാൻ മന്ത്രി

വിസ്സമ്മതിച്ചതിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ തുടർന്നുള്ള സഭാനടപടികൾ ബഹിഷ്ക്കരിച്ച് സഭയിൽനിന്നും വാക്കൗട്ട് നടത്തി. .

ഖണ്ഡനോപക്ഷേപങ്ങൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

വിദ്യാഭ്യാസം, കായികവിനോദം, കല, സംസ്ക്കാരം എന്ന XVII-ാം നമ്പർ ധനാഭ്യർത്ഥന സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

(2006 ഒക്ടോബർ മാസം 4-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.31-ന് പിരിഞ്ഞു.)